കെഐസ്എ-കെടിഎം.പി.10-819/2017 തീയതി: 06.06.2017

## കോട്ടയം ജില്ലയിലെ തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1-4-16 മുതൽ 31-3-17 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.
സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സാബു ജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 23-5-17 മുതൽ 30-5-17 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി രേഖ.ആർ | ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേ) |
| | ശ്രീമതി വി.ദർശന | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി ജയകുമാരിയമ്മ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.എം.ഉണ്ണിക്കൃഷ്ണൻ | ഓഡിറ്റർ |

നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡൻറ് | ശ്രീ.എൻ.രാജു | 1.4.16 - 31.3.17 |
| സെക്രട്ടറി | ശ്രീമതി.സിസിലിയാമ്മ ജോൺ | 1.4.16 - 31.5.16 |
| | ശ്രീ.വിനോദ്.കെ (സെക്രട്ടറി ഇൻ ചാർജ്) | 1.6.16 - 20.12.16 എഫ്.എൻ. |
| | ശ്രീ.എൻ.ആർ.മുരളീധരൻ നായർ | 20.12.16 എ.എൻ. -31.3.17 |

മറ്റു നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി സുജിത.പി.എസ് | 1.4.16 - 31.3.17 |
| അസി.എൻജിനീയർ | ശ്രീമതി അനിതകുമാരി.എം | 1.4.16 - 7.7.16 |
| | ശ്രീമതി ബിന്ദു ജെ.എൽ | 08.07.16- 12.07.16 |
| | ശ്രീമതി രജനി എസ്.എ. | 13.07.16-14.07.16 |
| | ശ്രീമതി രേഖ ആർ. ചന്ദ്രൻ | 20.07.16-22.08.16 എഫ്.എൻ. |
| | ശ്രീ.അജിത് ജേക്കബ് | 22.08.16-15.11.16 |
| | ശ്രീമതി സുനിത.എം | 16.11.16 - 31.3.17 |
| വെറ്ററിനറി സർജൻ | ഡോ.മാത്യു ഫിലിപ്പ് | 1.4.16 - 31.3.17 |
| വി.ഇ.ഒ | ശ്രീ.ബിജു.റ്റി.എസ് | 1.4.16- 31.3.17 |
| വി.ഇ.ഒ | ശ്രീ.ജോൺസൺ ഫിലിപ്പ് | 1.4.16 - 31.3.17 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.യമുന.കെ | 1.4.2016 - 31.3.17 |

| | | |
|---|---|---|
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.ജയകുമാരി .പി.ബി | 1.4.16 - 24.8.16 |
| | ശ്രീ.വിജയകുമാർ.എം.ജി | 25.8.16- 31.3.17 |
| മെഡി.ഓഫീസർ, (ഹോമിയോ) | ഡോ.ബേസിൽ തമ്പി | 1.4.16 - 12.1.17 |
| | ഡോ.പ്രീത.ജി | 30.1.17 - 31.3.17 . |
| മെഡി.ഓഫീസർ (അലോപ്പതി) | ഡോ.അജിത്ത് മോഹൻ ജോസഫ്<br>ഡോ.സിമി തോമസ് | 1.4.16 - 21.6.16.<br>22.6.16 - 5.3.17 . |
| | ഡോ.ജാൻസി ജോസഫ് | 6.3.17 - 31.3.17 . |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.വിനോദ്.കെ | 1.4.16 – 31.3.17. |
| ഹെഡ് മാസ്റ്റർ | ശ്രീ.എസ്.പ്രകാശ് | 1.4.16 - 31.3.17 . |

ഉള്ളടക്കം


| | |
|---|---|
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക. |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം. |
| 1-7 | തനത് വരുമാനം. |
| 1-8 | ക്ഷേമപദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണം. |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 2-2 | പണമിടപാടുകളില്ലാത്ത അക്കൗണ്ടുകൾ നിലനിർത്തിയിരിക്കുന്നു |
| 2-3 | പാരാമിലിട്ടറി വിഭാഗത്തിൽ നിന്നും വിരമിച്ച ആളെ നികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കി. |
| 2-4-1 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 2-4-2 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 2-5 | മാവേലി സ്റ്റോറിന്റെ വാടക ഈടാക്കുന്നില്ല |
| 2-6 | പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്. |
| 3-1 | കുടുംബശ്രീ ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ട് - അനർഹമായി ലഭിച്ച തുക തിരികെ അടവാക്കി. |
| 3-2 | പി.എച്ച്.സി സ്റ്റോർ റൂം ശീതീകരണം (പ്രോ.നം.SO123/17)- പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ |
| 3-3 | മണികണ്ഠവയൽ ഭാഗത്ത് ഓടനിർമ്മാണം- പ്രോജക്ടിന്റെ ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല. |
| 3-4 | മരുന്നു വാങ്ങൽ–തുക നൽകി-മരുന്നു ലഭ്യമായില്ല |
| 3-5 | എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി -പണി പൂർത്തീകരിച്ചിട്ടില്ല. |
| 3-6 | ഓണം അഡ്വാൻസ് അഡ്ജസ്റ്റ് ചെയ്തിട്ടില്ല |
| 3-7 | ഇഎംഎസ് ഭവനപദ്ധതി -അക്കൗണ്ടിൽ തുക അവശേഷിക്കുന്നു |
| 3-8 | എം.ജി.എൻ.ആർ.ഇ.ജി.എസ്.പദ്ധതി |

| | |
|---|---|
| 3-9 | 2014 ശമ്പള പരിഷ്കരണം-കുടിശ്ശിക തുക കാഷായി നൽകി |
| 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിശദാംശങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് |
| അനുബന്ധം 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| അനുബന്ധം 4 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ പുതുക്കിയ ബജറ്റ് 27.03.17 തിയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 12801075.55 | 16233315 | 3432239.45 | |
| വരവ് | 139921827 | 67158882 | | 72762945 |
| ആകെ | 152722902.55 | 83392197 | | 69330705.55 |
| ചെലവ് | 140368354 | 57596509 | | 82771845 |
| നീക്കിയിരിപ്പ് | 12354548.55 | 25795688 | 13441139.45 | |

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.7.2017 | 18.5.17 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് റിപ്പോർട്ടിന്റെ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 16233315 |
| വരവ് | 67158882 |
| ആകെ | 83392197 |
| ചെലവ് | 57596509 |
| നീക്കിയിരിപ്പ് | 25795688 |

## 1-5 ഫണ്ട് വിനിയോഗം (വാർഷിക ധനകാര്യപത്രിക പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | - | 14447633 | 14447633 | 14447633 | - | |
| വികസനഫണ്ട് എസ്.സി.പി. | | 6679705 | 6679705 | 6679705 | | |
| വികസനഫണ്ട് ടി.എസ്.പി. | | 61632 | 61632 | 61632 | | |
| സംരക്ഷണഗ്രാന്റ് റോഡ് | | 3451018 | 3451018 | 3451018 | | |
| സംരക്ഷണഗ്രാന്റ്ഡ്നോൺറോഡ് | - | 2820799 | 2820799 | 2820799 | - | |
| 13-ധനകാര്യകമ്മീഷൻ ഗ്രാന്റ് | - | 6876656 | 6876656 | 6876656 | - | |
| പെർഫോമൻസ് ഗ്രാന്റ് | - | 1448779 | 1448779 | 1448779 | - | |
| എംജിഎൻആർഇജിഎസ് | 1550 | 9960600 | 9962150 | 9952059 | 10091 | |
| ബി ഫണ്ട് | - | 46716375 | 46716375 | 46716375 | - | |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 201 | 80665937 | 108 | | 10 | 83 | 58% |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ നികുതി/നികുതിയേതര വരുമാനത്തിൽ താഴെ പറയും പ്രകാരം 24.9 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 5775876 | 7321855 | 1545979 | (+)26.76 |
| നികുതിയേതര വരവുകൾ | 733596 | 810352 | 76756 | 10.46 |
| ആകെ | 6509472 | 8132207 | 1622735 | 24.9 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 154320 | 105 |
| കർഷകതൊഴിലാളി പെൻഷൻ | 4375430 | 511 |
| വിധവാപെൻഷൻ | 13919960 | 1162 |
| വാർദ്ധക്യകാലപെൻഷൻ | 23397270 | 2291 |
| വികലാംഗപെൻഷൻ | 3910595 | 309 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരുടെ പെൻഷൻ | 388800 | 30 |
| വിധവകളുടെ പെൺമക്കളുടെ വിവാഹദനസഹായം | 570000 | 19 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.05.2017 ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 27304/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ ഫലപ്രദമാണ്. ഓഫീസ് ഉത്തരവ് യഥാസമയം എഴുതി സൂക്ഷിക്കുന്നുണ്ട്

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20/5/17 | 3/17 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21/4/2014-5/5/2014 | 2009-10 മുതൽ 2013-14 വരെ | 3/7/2015 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളുടെ അവലോകനം

26.07.2011 ലെ ജി.ഒ.(എം.എസ്.)നം.152/11/എൽ.എസ്.ജി.ഡി. യിലെ നിർദ്ദേശങ്ങൾ പാലിച്ച് ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

## 2-2 പണമിടപാടുകളില്ലാത്ത അക്കൗണ്ടുകൾ നിലനിർത്തിയിരിക്കുന്നു

പണമിടപാടുകളില്ലാതെ, വർഷങ്ങളായി താഴെപ്പറയുന്ന അക്കൗണ്ടുകൾ പഞ്ചായത്ത് നിലനിർത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ബാങ്ക് ,ശാഖയുടെ പേര് | അക്കൗണ്ട് നം | അക്കൗണ്ടിന്റെ പേര് | 31.3.17-ലെ നീക്കിയിരിപ്പ് |
|---|---|---|---|---|
| 1 | എസ് ബി റ്റി, തൂക്കൊടിത്താനം ശാഖ | 670919247881 | സ്പോർട്സ് കൗൺസിൽ | 79630 |

| | | | | |
|---|---|---|---|---|
| 2 | തൃക്കൊടിത്താനം സർവീസ് സഹകരണ ബാങ്ക് | 6679 | എം എൻ ലക്ഷം വീട് നിർമാണ പദ്ധതി | 641083 |

പ്രത്യക ഉദ്ദ്യേശ്യത്തിനായി ലഭിച്ച തുകകൾ നാളിതുവരെ ചെലവഴിക്കാത്ത സാഹചര്യത്തിൽ ബന്ധപ്പെട്ട സ്ഥാപനങ്ങളിലേക്ക് തിരിച്ചടച്ച് അക്കൗണ്ട് ക്ളോസ്സ് ചെയ്യേണ്ടതാണ്.

## 2-3 വസ്തു നികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കി.

സർക്കാർ കത്ത്നം.4559/എൻ/2/06 തസ്വഭവ 15.7.06 പ്രകാരം വിമുക്തഭടൻമാർക്ക് നൽകുന്ന ആനുകൂല്യം പാരാമിലിട്ടറി വിഭാഗത്തിൽ നിന്നും വിരമിച്ചവർക്ക് ബാധകമല്ല. എന്നാൽ, ആസ്സാം റൈഫിൾസിൽ നിന്നും വിരമിച്ച 2/291 കെട്ടിടത്തിൽ താമസിക്കുന്ന ജോർജ്ജ് ഫ്രാൻസിസ്, അഞ്ചിൽ എന്നയാളെ വസ്തുനികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയതായി ബോധ്യപ്പെട്ടു. 2013-2014 മുതൽ 2016-17 വരെയുള്ള വർഷങ്ങളിലെ കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നുണ്ട്. ടിയാനെ വസ്തുനികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (എൻക്വയറി നം.6) കുടിശ്ശിക ഈടാക്കി വിവരം അറിയിക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കി. തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 2-4-1 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2016-2017 വർഷം പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിച്ചിരുന്ന ചുവടെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ടേൺ ഓവറിന്റെ അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| ക്രമനം. | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, തൃക്കൊടിത്താനം | I&II |
| 2 | മാവേലി സ്റ്റോർ,തൃക്കൊടിത്താനം | I&II |
| 3 | ജെ.ജെ ഫിനാൻസിയേഴ്സ് | I&II |
| 4 | ജോസ്കോ ഇൻവെസ്റ്റ്മെന്റ്സ് | I&II |
| 5 | വടക്കേമുറിയിൽ ഫിനാൻസിയേഴ്സ് | I&II |
| 6 | അക്ഷയ ഫിനാൻസിയേഴ്സ് | I&II |

നികുതി ഈടാക്കാത്തതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക്, ഈടാക്കി വിവരം അറിയിക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കി. ടേൺ ഓവറിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിലെ നികുതി നിർണ്ണയിക്കേണ്ടതും ഈടാക്കിയിട്ടില്ലാത്ത നികുതി ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ മേൽ സ്ഥാപനങ്ങളിൽ നിന്നോ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 2-4-2 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ കൊടുത്തിട്ടുള്ള സ്വകാര്യ ധനവിനിമയ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി തൻവർഷം ഈടാക്കിയിട്ടില്ല.

1 ) ജെ.ജെ. ഫൈനാൻസിയേഴ്സ്, തുക്കൊടിത്താനം

2) ജോസ്കോ ഇൻവെസ്റ്റ്മെന്റ്സ്, തൃക്കൊടിത്താനം

3) വടക്കേമുറിയിൽ ഫൈനാൻസ്, തൃക്കൊടിത്താനം

4) അക്ഷയ ഫൈനാൻസ്, അമര

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-5 മാവേലി സ്റ്റോറിന്റെ വാടക ഈടാക്കുന്നില്ല

തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന, ചങ്ങനാശേരി ഡിപ്പോ മാവേലി സ്റ്റോറിന്റെ 2010-11 മുതൽ 2016 -17 വരെയുള്ള വാടക, 79,027/ - രൂപയും പിഴപ്പലിശ തുകയായ 58,559/ - രൂപയും ഉൾപ്പെടെ 1,37,586 / - രൂപ, തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 18.05.2017 - ലെ എ.4-200/2015 നം. കത്ത് പ്രകാരം സപ്ലൈകോയ്ക്ക് നിശ്ചയിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ടി തുക ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ വാടകതുക ഈടാക്കുന്നതിനും കരാറിൽ ഏർപ്പെടുന്നതിനും കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്. സപ്ലൈകോയുമായി കരാറിലേർപ്പെട്ട് കുടിശ്ശികയുൾപ്പെടെ വാടക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-6 പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്.

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ലൈസൻസ് ചട്ടങ്ങൾ പ്രകാരം താമസത്തിനുപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് 5രൂപാ നിരക്കിലും വാണിജ്യാവിശ്യത്തിനുപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് 7 രൂപാ നിരക്കിലും പെർമിറ്റ് ഫീസ് ഈടാക്കേണ്ടതുണ്ട്. പെർമിറ്റ് ഫീസ് കുറവായി ഈടാക്കിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ. നം. | ഫയൽ നമ്പർ | അപേക്ഷകന്റെ പേരും മേൽവിലാസവും | കെട്ടിടത്തിന്റെ ഉപയോഗം | തറവിസ്തീർണ്ണം | ഈടാക്കിയ ഫീസ് | ഈടാക്കേണ്ട ഫീസ് | നഷ്ടം |
|---|---|---|---|---|---|---|---|
| 1 | 6601/16 | രാധിക.ആർ.പിള്ള, പുന്നയ്ക്കൽ | റസിഡൻഷ്യൽ | 167.08 m2 | 341 | 835 | 494 |
| 2 | 8231/16 | എബ്രഹാം.പി.എ, പാലത്തിങ്കൽ | റസിഡൻഷ്യൽ | 312.09 | 1220 | 1560.45 | 340 |
| | ആകെ | | | | | | 834 |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (എൻക്വയറി നം.4) കുറവുവന്ന തുക ഈടാക്കി വിവരം അറിയിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി. തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കുടുംബശ്രീ ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ട് - അനർഹമായി അനുവദിച്ച തുക തിരികെ അടവാക്കി.

പ്രോജക്ട് നം.- s109/17

നിർവഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ - 250000/-രൂപ (വികസനഫണ്ട് ജനറൽ)

ചെലവ് - 250000/- രൂപ (ബിൽ നം 45/16-17. തീയതി -29.03.2017)

കുടുംബശ്രീ ഗ്രൂപ്പകൾക്ക് റിവോൾവിംഗ് ഫണ്ട് എന്ന പ്രോജക്ട് പ്രകാരം 2015-16 (പ്രോജക്ട് നം.എസ് 121/16.) 2016-17 (പ്രോജക്ട് നം എസ് 109/17) വർഷങ്ങളിൽ യഥാക്രമം 35ഉം, 25 ഉം എണ്ണം കുടുംബശ്രീകൾക്ക് 10000/- രൂപ വീതം റിവോൾവിംഗ് ഫണ്ട് നൽകിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 11.01.2016ലെ ജി.ഒ.(എം.എസ്)നം.4/2016 നമ്പർ ഉത്തരവ് പ്രകാരം വ്യക്തമായ വായ്പ അധിഷ്ഠിതമായ തൊഴിൽ സംരംഭം പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീ ഗ്രൂപ്പകൾക്ക് റിവോൾവിംഗ് ഫണ്ട് നൽകാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രോജക്ട് പ്രകാരം പഞ്ചായത്തിലെ രണ്ടാം വാർഡിലെ പ്രതിഭ എന്ന കുടുംബശ്രീക്ക് 2015-16, 2016-17 വർഷങ്ങളിൽ 10000/- രൂപ വീതം റിവോൾവിംഗ് ഫണ്ട് നൽകിയതായി കാണുന്നു. ഇപ്രകാരം ഒരേ കുടുംബശ്രീ ഗ്രൂപ്പിന് രണ്ട് തവണ റിവോൾവിംഗ് ഫണ്ട് നൽകിയത് ക്രമപ്രകാരമല്ല. ഇതിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.1) പ്രകാരം 10000/- രൂപ വികസനഫണ്ടിൽ തിരികെ അടവാക്കി ചെലാന്റെ പകർപ്പ് ലഭ്യമാക്കിയിട്ടുണ്ട് .

## 3-2 പി.എച്ച്.സി സ്റ്റോർ റൂം ശീതീകരണം (പ്രോ.നം.SO123/17)- പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ

പ്രാഥമികാരോഗ്യകേന്ദ്രത്തിലെ സ്റ്റോർ റൂം ശീതീകരണത്തിനായി 46500 രൂപ സംരക്ഷണ ഗ്രാന്റ് വകയിരുത്തി ചെലവഴിച്ചു. (ബിൽ നം.14/16-17) ആദ്യ പ്രോജക്ട് പ്രകാരം 100000 രൂപ വകയിരുത്തിയിരുന്നു. ആയത് പ്രകാരം എയർ കണ്ടീഷണർ വാങ്ങുന്നതിനും റൂം സീലിംഗ്, വയറിംഗ്, അലൂമിനിയം ഫാബ്രിക്കേഷൻ മുതലായ അനുബന്ധ പ്രവർത്തനങ്ങൾ നടത്തുന്നതിനുമായിട്ടാണ് പ്രോജക്ട് തയ്യാറാക്കിയിരുന്നത്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി മെഡിക്കൽ ഓഫീസർ സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്. എയർ കണ്ടീഷണർ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്കായ 63750/- രൂപയ്ക്ക് ശ്രീ.മാത്യു കണ്ടത്തിചിറയിൽ സമർപ്പിച്ച ടെണ്ടർ താല്ക്കാലികമായി അംഗീകരിച്ചതായി ഫയൽ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു. പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ തീരുമാനം പ്രകാരം ടെണ്ടർ റേറ്റ് നെഗോഷിയേറ്റ് ചെയ്ത് എത്തിക്കുന്നതിന് ശ്രീ. മാത്യു കണ്ടത്തിചിറയിൽ എന്നയാൾക്ക് കത്തു നൽകിയിട്ടുണ്ട്. എന്നാൽ നെഗോഷിയേറ്റ് ചെയ്തത് സംബന്ധിച്ച് രേഖകളില്ല. പുതുക്കിയ പ്രോജക്ട് പ്രകാരം 46500 രൂപ വകയിരുത്തി എയർ കണ്ടീഷൻ വാങ്ങുന്നതിനു മാത്രമായി പ്രോജക്ട് തയ്യാറാക്കി. മേൽ പ്രോജക്ട് നടപ്പാക്കിയതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. 100000 രൂപ വകയിരുത്തി എയർ കണ്ടീഷണർ വാങ്ങുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി പ്രോജക്ട് തയ്യാറാക്കി തുടർനടപടി ആരംഭിച്ചെങ്കിലും ആയതു നടപ്പാക്കാതെ 46500 രൂപ വകയിരുത്തി എയർ കണ്ടീഷണർ വാങ്ങുന്നതിനു മാത്രമായി പ്രോജക്ട് പുതുക്കിയതിന്റെ കാരണം വ്യക്തമല്ല.

2. 17.2.17 ലെ III (8)കമ്മിറ്റി തീരുമാനം പ്രകാരം 63750 ന്റെ ശ്രീ.മാത്യു കണ്ടത്തിചിറയിൽ സമർപ്പിച്ച ടെണ്ടർ അംഗീകരിച്ചതായി പറയുന്നുണ്ടെങ്കിലും ടെണ്ടർ നോട്ടീസ് ഹാജരാക്കിയിട്ടില്ല.

3. സ്ഥാപനം ഹാജരാക്കിയ ബില്ലിൽ ഏതു സ്പെസിഫിക്കേഷനിലുള്ള എയർ കണ്ടീഷണറാണ് വാങ്ങിയതെന്ന് വ്യക്തമല്ല.

4. എയർ കണ്ടീഷണർ സ്ഥാപിക്കുന്നതിന് അനുബന്ധ സൗകര്യങ്ങൾ ഒരുക്കാതെ വാങ്ങൽ നടത്തിയതിന് വിശദീകരണം നൽകേണ്ടതാണ്.

5. നാളിതുവരെയും എയർ കണ്ടീഷണർ പ്രവർത്തനക്ഷമമാക്കിയിട്ടില്ല എന്നാണ് അന്വേഷണത്തിൽ അറിയാൻ സാധിച്ചത്. അപാകതയ്ക്ക് വിശദീകരണം നൽകുന്നതിന് നൽകിയ എൻക്വയറിക്ക്(നം.7) ഏ.സി പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതാണെന്ന് പഞ്ചായത്തിൽ നിന്നും അറിയിച്ചിട്ടുണ്ടെന്നും ടെണ്ടർ ക്ഷണിച്ചതും നടപ്പാക്കിയതും പഞ്ചായത്തായതിനാൽ ടെണ്ടർ നോട്ടീസ് സ്ഥാപനത്തിൽ ലഭ്യമല്ല എന്നും മറുപടി ലഭ്യമാക്കി.

മേൽ അപാകതകളാൽ ടിയിനത്തിൽ ചെലവഴിച്ച 46500 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 മണികണ്ഠവയൽ ഭാഗത്ത് ഓടനിർമ്മാണം- പ്രോജക്ടിന്റെ ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് | -മണികണ്ഠവയൽ ഭാഗത്ത് ഓടനിർമ്മാണം |
| പ്രോജക്ട് നമ്പർ | -എസ്.ഒ030/17 |

കരാർ നമ്പർ -63/AE/LSGD, 15-16 dt 24.11.15
അളവുപുസ്തകം -79/15-16
കൺവീനർ -ജോഷിമോൻ കെ.ഡി
അടങ്കൽ -240000/- രൂപ(തനത് ഫണ്ട്)
ചെലവ് (ബാങ്ക് ബുക്ക് പ്രകാരം
കൺവീനർക്ക് നല്കിയത്) -230000/-രൂപ
(ചെക്ക് നം.6982294 തീയതി 02.03.2017)

2016-17 വർഷം ഗുണഭോക്തൃസമിതി മുഖേന അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ ഈ പ്രോജക്ടുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് നമ്പർ എസ്.ഒ 030/17 പ്രകാരമുള്ള പ്രോജക്ട് രൂപീകരണഫോറം ഫയലിൽ ലഭ്യമാക്കിയിട്ടില്ല.
2. ഗുണഭോക്തൃസമിതി അംഗീകരിച്ച വരവ് ചെലവ് കണക്കുകൾ, ബന്ധപ്പെട്ട വൗച്ചറുകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്തൃസമിതി മാർഗരേഖ പ്രകാരം കരാർ ഉടമ്പടിയിലെ നിരക്കുകൾ പ്രകാരമുള്ള ബിൽ തുകയോ, ഗുണഭോക്തൃസമിതി യഥാർത്ഥത്തിൽ ചെലവാക്കിയ തുകയോ ഏതാണോ കുറവ് അതാണ് ഗുണഭോക്തൃസമിതിക്ക് നൽകുക. ആയതിനാൽ ഗുണഭോക്തൃസമിതി അംഗീകരിച്ച വരവ് ചെലവ് കണക്കുകൾ, ബന്ധപ്പെട്ട വൗച്ചറുകൾ എന്നിവ ല്യഭ്യമാക്കാതെ തുക നൽകിയത് ക്രമപ്രകാരമല്ല.
3. ഫയലിൽ ലഭ്യമാക്കിയിരിക്കുന്ന ബില്ല്ലിൽ മെമ്മോറാണ്ടം ഓഫ് പേയ്മെന്റ് എന്ന ഭാഗത്ത് കൺവീനറുടെ സാക്ഷ്യപ്പെടുത്തലല്ലാതെ ആവശ്യമായ രേഖപ്പെടുത്തലുകൾ ഒന്നുമില്ല.
4. ഗുണഭോക്തൃസമിതി കൺവീനർക്ക് മേൽപ്പറഞ്ഞ തുക നൽകിയതിന്റെ വിവരങ്ങൾ ഫയലിലില്ല.
5. പ്രോജക്ടിന്റെ മോണിട്ടറിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകളിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14) മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ഈ പ്രോജക്ടിനായി ചെലവഴിച്ച 2,30,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 3-4 മരുന്നു വാങ്ങൽ- മരുന്നു ലഭ്യമായില്ല

ഹോമിയോ ഡിസ്പൻസറി, പ്രാഥമികാരോഗ്യകേന്ദ്രം എന്നീ സ്ഥാപനങ്ങൾക്കായി മരുന്നു വാങ്ങുന്നതിനുള്ള പ്രോജക്ടുകൾക്കായി താഴെ കൊടുത്തിരിക്കുന്ന പ്രകാരം തുക വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്. തുക നൽകിയെങ്കിലും നാളിതുവരെ മരുന്നു ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ.നം. | പ്രോജക്ട് നം./ പേര് | ഫണ്ടിനം | അടങ്കൽ | ചെലവു തുക | ഡി.ഡി.നം/ തീയതി | തുക നൽകിയ സ്ഥാപനം | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|---|---|
| 1 | So 094/17 ഹോമിയോ ഡിസ്പൻസറിക്ക് മരുന്നു വാങ്ങൽ | മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 50000 | 50000 | 607652/ 13.1.17 | ഹോംകോ | ഹോമിയോ മെഡിക്കൽ ഓഫീസർ |
| 2 | So 092/17 പി എച്ച്.സിക്ക് മരുന്നു വാങ്ങൽ | മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 150000 | 9010<br>85000<br>5990<br>50000 | 607299/ 17.12.16<br>607765/ 23.1.17<br>9/1617/ 7.3.17<br>12/16-17/ 24.3.17 | KMSCL<br>KMSCL | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

പ്രോജക്ട് നം.So 094/17 പ്രകാരമുള്ള 50000 രൂപയുടേയും പ്രോജക്ട് നം.So 092/17 പ്രകാരമുള്ള 135000 (85000+50000) രൂപയുടേയും മരുന്ന് ലഭ്യമായിട്ടില്ല. ആയതു ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി -പണി പൂർത്തീകരിച്ചിട്ടില്ല.

| | | |
|---|---|---|
| പ്രോജക്ട് നം | : | S046/17 |
| നിർവഹണ ഉദ്യോഗസ്ഥൻ | : | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | : | 70000/-രൂപ<br>(വികസനഫണ്ട് -എസ്.സി.പി) |
| ചെലവ് | : | 60000/- രൂപ<br>(ബിൽ നം 1,5,31/16-17.<br>തീയതി -25.08.16,30.11.16,9.3.17) |

2016-17 വർഷം സ്പിൽ ഓവർ പ്രോജക്ട് ആയി നിർവഹണം നടത്തിയ ഈ പ്രോജക്ട് പ്രകാരം മുൻ വർഷം പഠനമുറിയുടെ പണി പൂർത്തിയാക്കാത്ത മൂന്ന് ഗുണഭോക്താക്കൾക്ക് തുക നൽകുന്നതിനാണ് 70000/- രൂപ വകയിരുത്തിയത്. ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.ഈ പ്രോജക്ട് നിർവഹണത്തിൽ സ.ഉ(സാധാ) നം 626/2016/തസ്വഭവ തീ. 15.02.2016പ്രകാരമുള്ള പട്ടികജാതി /പട്ടികവർഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ചുനൽകുന്നതിനുള്ള മാനദണ്ഡങ്ങൾ പാലിച്ചതായി കാണുന്നില്ല. ഇതിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ പ്രോജക്ട് വിഭാവനം ചെയ്യുന്ന സമയത്ത് വ്യക്തമായ മാർഗനിർദേശം ഇല്ലാതിരുന്നതിനാലാണ് ഇപ്രകാരം പ്രോജക്ട് നിർവഹണം നടത്തിയതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരമുള്ള അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2. രമണി ചേരിക്കൽ (പ്രോജക്ട് പ്രകാരമുള്ള ഗുണഭോക്താവായ ശ്രുതി മോൾ എസ് ന്റെ മാതാവ്) എന്നയാളിന് മൂന്ന് ഗഡുക്കളായി 40000/- രൂപ നൽകിയിട്ടുണ്ടെങ്കിലും പഠനമുറി നാളിതുവരെ പൂർത്തിയായിട്ടില്ല. പഠനമുറിയുടെ പണി പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-6 ഓണം അഡ്വാൻസ് അഡ്ജസ്റ്റ് ചെയ്തിട്ടില്ല

3.9.14 ലെ ചെക്ക് നം.79346 പ്രകാരം10000 /-രൂപ ഓണം അഡ്വാൻസ് ഇനത്തിൽ സുജാത ടി., സീനിയർ ക്ലാർക്കിന് നൽകിയിരുന്നു. ടി തുകയിൽ 8,000 രൂപ മാത്രമേ നാളിതുവരെ തിരികെ ലഭിച്ചിട്ടുള്ളു. ഈടാക്കുവാൻ അവശേഷിക്കുന്ന 2000/- തിരികെ ഈടാക്കി വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-7 ഇഎംഎസ് ഭവനപദ്ധതി -അക്കൗണ്ടിൽ തുക അവശേഷിക്കുന്നു

ഇഎംഎസ് ഭവനപദ്ധതി പ്രകാരം വി.ഇ.ഒ. യുടേയും പ്രസിഡന്റിന്റേയും പേരിലുള്ള തൃക്കൊടിത്താനം സർവീസ് സഹകരണ ബാങ്കിന്റെ 6926 നം അക്കൗണ്ടിൽ 163968/-രൂപ അവശേഷിക്കുന്നതായി കാണുന്നു. ഇഎംഎസ് ഭവനപദ്ധതി നിലവിലില്ലാത്തതിനാൽ ടി തുക സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

## 3-8 എം.ജി.എൻ.ആർ.ഇ.ജി.എസ്.പദ്ധതി

എം.ജി.എൻ.ആർ.ഇ.ജി.എസ്.പദ്ധതി പ്രകാരം 2016-17 വർഷം തൊഴിൽ കാർഡിന് അപേക്ഷിച്ച 2604 പേർക്കും തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. തൻവർഷം 1149 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിക്കുകയും തൊഴിൽ ഡിമാന്റ് ചെയ്യുകയും ചെയ്തു. തൻവർഷത്തെ ലേബർ ബജറ്റ് പ്രകാരം 222 പ്രോജക്ടുകൾ വിഭാവനം ചെയ്തതിൽ 110 എണ്ണത്തിന് സാങ്കേതികാനുമതി ലഭിക്കുകയും 105എണ്ണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

തൻവർഷം ആകെ 15911 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. പ്രകൃതി വിഭവങ്ങളുടെ സംരക്ഷണത്തിന് മുൻഗണന നൽകിക്കൊണ്ട് തോട് ആഴം കൂട്ടൽ എന്ന പ്രവർത്തിയാണ് നടത്തിയിട്ടുള്ളത്. തൻവർഷം ആകെ ചെലവായ ലേബർ കംപോണന്റ് -6381591 രൂപയും, മെറ്റീരിയൽ കംപോണന്റ് -2993316 രൂപയുമാണ്.

## 3-9 2014 ശമ്പള പരിഷ്ക്കരണം-കുടിശ്ശിക തുക കാഷായി നൽകി

09.04.17ലെ ജി.ഒ.(പി)നം. 45/17പ്രകാരം ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക ജീവനക്കാരുടെ പി.എഫ് അക്കൗണ്ടിലേക്ക് നിക്ഷേപിക്കേണ്ടതാണ്.എന്നാൽ ഉത്തരവിന വിരുദ്ധമായി 2014 ശമ്പള പരിഷ്കരണ കുടിശ്ശിക തുകയായ 207311 രൂപ ചെക്ക് നം.86234/6.4.17 പ്രകാരം ജീവനക്കാർക്ക് കാഷായി നൽകി. മേൽ നടപടിയ്ക്ക് സർക്കാർ സാധൂകരണം വാങ്ങേണ്ടതാണ്. അല്ലാത്തപക്ഷം തുക തിരികെ ഈടാക്കി പി.എഫ്.അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്.

## 3-10 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല--തുക തടസ്സപ്പെട്ടുത്തുന്നു.

2016-17 സാമ്പത്തിക വർഷം നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| ക്രമ.നം. | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം. | തുക | നിർവ്വഹണ ഉദ്യോഗാസ്ഥൻ |
|---|---|---|---|---|---|
| 1 | കേരള വാട്ടർ അതോറിറ്റി | 70/17 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21601199/ 15.03.19 | 2300000 | സെക്രട്ടറി |
| | | 70/17 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21601346/ 31.03.17 | 174000 | |
| 2 | കെഎസ്ഇബി | 53/17 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 21600952/ 31.01.17 | 84410 | സെക്രട്ടറി |
| | | 118/17 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 21600974/ 01.02.17 | 55200 | |
| | | 67/17 ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | 21601115/ 04.03.17 | 61009 | |
| | | 67/17 ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | 21601307/ 30.03.17 | 47503 | |
| | | 118/17 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 21601344/ 31.03.17 | 1175232 | |
| | | 118/17 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 21601345/ 31.03.17 | 152560 | |
| | | 67/17 ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | 21601183/ 14.03.17 | 24488 | |

| | | | | | |
|---|---|---|---|---|---|
| 3 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 71/17 കുഴൽ കിണർ നിർമ്മാണം | 21601137/ 07.03.17 | 703750 | സെക്രട്ടറി |
| | | 196/17 ഗവൺമെന്റ് എൽ.പി.എസ്. കടമാഞ്ചിറ കുഴൽ കിണർ നിർമ്മാണം | 21601241/ 22.03.17 | 100000 | |
| | | 223/17 കുഴൽ കിണർ മെയിന്റനൻസ് | 21601242/ 22.03.17 | 120000 | |
| 4 | സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ | 194/17 പി.എച്ച്.സി.യിൽ ഇൻസിനേറ്റർ സ്ഥാപിക്കൽ | 21601338/ 31.03.17 | 303500 | സെക്രട്ടറി |
| | | 194/17 പി.എച്ച്.സി.യിൽ ഇൻസിനേറ്റർ സ്ഥാപിക്കൽ | 21601339/ 31.03.17 | 99903 | |
| 5 | കെൽട്രോൺ | 235/17 കുന്നംപുറം ജംഗ്ഷനിൽ ബ്ലിങ്കിംഗ് സിഗ്നൽ ലൈറ്റ് സ്ഥാപിക്കൽ | 21601262/ 31.03.17 | 250000 | സെക്രട്ടറി |
| 6 | പ്രോജക്ട് കോ-ഓർഡിനേറ്റർ, എസ്.എസ്.എ. | എസ്.എസ്.എ. വിഹിതം | ഡി.ഡി. 606601/ 19.10.16 | 700000 | എച്ച്.എം. |
| | | | 606654/ 20.10.16 | 150000 | |
| | ആകെ | | | 6501555 | |

മേൽ പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്ത സാഹചര്യത്തിൽ തുക തടസ്സപ്പെടുത്തുന്നു.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 800000 | പാലിയേറ്റീവ് കെയറിന് ആമ്പുലൻസ് വാങ്ങൽ | - | 800000 |
| ടി | 2016-17 | 300000/- | ശാരീരികമാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 288364 | 11636 |

| | | | | | |
|---|---|---|---|---|---|
| ,, | ,, | 150000/- | അംഗൻവാടികൾക്ക് ഉപകരണം,ഗ്യാസ് കണക്ഷൻ | - | 150000 |
| ,, | ,, | 242528 | വൃദ്ധർക്ക് പകൽ വീട് നിർമ്മാണം | - | 242528 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിശദാംശങ്ങൾ

| ക്രമ.നം. | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം. | തുക | ബാലൻസ് |
|---|---|---|---|---|---|
| 1 | കേരള വാട്ടർ അതോറിറ്റി | 70/17 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21601199/ 15.03.19 | 2300000 | 2300000 |
| | | 70/17 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21601346/ 31.03.17 | 174000 | 174000 |
| 2 | കെഎസ്ഇബി | 53/17 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 21600952/ 31.01.17 | 84410 | 84410 |
| | | 118/17 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 21600974/ 01.02.17 | 55200 | 55200 |
| | | 67/17 ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | 21601115/ 04.03.17 | 61009 | 61009 |
| | | 67/17 ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | 21601307/ 30.03.17 | 47503 | 47503 |
| | | 118/17 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 21601344/ 31.03.17 | 1175232 | 1175232 |
| | | 118/17 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 21601345/ 31.03.17 | 152560 | 152560 |
| | | 67/17 ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | 21601183/ 14.03.17 | 24488 | 24488 |
| 3 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 71/17 കുഴൽ കിണർ നിർമ്മാണം | 21601137/ 07.03.17 | 703750 | 703750 |
| | | 196/17 ഗവൺമെന്റ് എൽ.പി.എസ്. കടമാഞ്ചിറ കുഴൽ കിണർ നിർമ്മാണം | 21601241/ 22.03.17 | 100000 | 100000 |
| | | 223/17 കുഴൽ കിണർ മെയിന്റനൻസ് | 21601242/ 22.03.17 | 120000 | 120000 |

| | | | | | |
|---|---|---|---|---|---|
| 4 | സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ | 194/17 പി.എച്ച്.സി.യിൽ ഇൻസിനേറ്റർ സ്ഥാപിക്കൽ | 21601338/ 31.03.17 | 303500 | 303500 |
| | | 194/17 പി.എച്ച്.സി.യിൽ ഇൻസിനേറ്റർ സ്ഥാപിക്കൽ | 21601339/ 31.03.17 | 99903 | 99903 |
| 5 | കെൽട്രോൺ | 235/17 കുന്നുംപുറം ജംഗ്ഷനിൽ ബ്ലിങ്കിംഗ് സിഗ്നൻ ലൈറ്റ് സ്ഥാപിക്കൽ | 21601262/ 31.03.17 | 250000 | 250000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇൻത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയതുക | ഒടുക്കിയആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2006-07 | 3-1 | 390 | ഫെൻ അലക്സ്, അക്കൗണ്ടന്റ് | 11602100938/ 25/5/16 |
| 2008-09 | 2-1 | 150 | ഷീബ ജോസഫ് | 11602101922/ 25/7/16 |
| 2012-13 | 2-3-2-1 | 1000 | പി.കെ.രാധാകൃഷ്ണൻ | 11602102635/ 3/9/16 |
| 2012-13 | 2-3-2-1 | 2500 | ഗീതാകുമാരി | 11602102633/ 3/9/2016 |
| 2005-06 | 2-3 | 150 | എം.എ ഹാജിറ | 11602103025/26/9/16 |
| 2006-07 | 3-1 | 390 | റംലബീവി | 11602103550/ 14/10/16 |
| 2006-07 | 3-1 | 325 | ശ്രീലക്ഷ്മി | 11602103562/ 14/10/16 |

| | | | | |
|---|---|---|---|---|
| 2006-07 | 2-3 | 150 | ബേസിൽ തമ്പി | 11602103703/<br>21/10/16 |
| 2013-14 | 2-3 | 2500 | ഇ.ഇ,കെഎസ്ഇബി | 11602500011/<br>17/11/16 |
| 2013-14 | 2-3 | 1250 | ഇ.ഇ, കെഎസ്ഇബി | 11602500011/<br>17/11/16 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 67158882 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 57596509 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6778055 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 46500 | ഡോ.ജാൻസു ജോസഫ്, മെഡിക്കൽ ഓഫീസർ (അലോപ്പതി) |
| 3-3 | 230000 | ശ്രീമതി സുനിത എം, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-10 | 6501555 | (5651555/-) ശ്രീ.എൻ.ആർ.മുരളീധരൻ നായർ, സെക്രട്ടറി<br>(850000/-) ശ്രീ.എസ്.എസ്. പ്രകാശ്, എച്ച്.എം. |
| ആകെ | 6778055 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ- ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 1999-00 | നം.എൽ.എഫ്.കെ.പി3-414/13/അദാ./14/28.11.2014 | 1 |
| 1998-99 ചെലവ് | നം.എൽ.എഫ്.കെ.പി8-281/02/26.12.02/11.02.03 | 20 |
| 1996-97 വരവ് | നം.എൽ.എഫ്.കെ.പി8-466/08/31.03.09 | 2 |
| 1997-98 വരവ് | നം.എൽ.എഫ്.കെ.പി8-467/08/31.3.09 | 6 |
| 1998-99 വരവ് | നം.എൽ.എഫ്.കെ.പി8-468/08/31.3.09 | 12 |
| 2000-01&<br>2001-02(പ്ലാൻ) | നം.എൽ.എഫ്.കെ.പി8-668/03/14.11.02/6.12.03 | 20 |
| 2000-01 | നം.എൽ.എഫ്.കെ.പി83-415/14/അദാ./14/28.11.14 | 10 |
| 2001-02<br>(പ്ലാൻ ഒഴികെയുള്ള വരവ് ചെലവ്) | നം.എൽ.എഫ്.കെ.പി3-1254/14/അദാ./14/28.11.14 | - |
| 2002-03 (ചെലവ്) | നം.എൽ.എഫ്.കെ.പി8-927/04/5.5.05/20.9.05 | 21 |
| 2003-04 (ചെലവ്) | നം.എൽ.എഫ്.കെ.പി8-561/06/30.12.06/2.2.07 | 5 |
| 2002-03 (വരവ്) | നം.എൽ.എഫ്.കെ.പി8-471/08/31.3.09 | 8 |
| 2004-05 | നം.എ.ഡി.1/(എ2)11/22.2.11 | 14 |
| 2005-06 | നം.എൽ.എഫ്.കെ.പി1എ.ഡി.1/(എ2)11/22.2.11 | 11 |
| 2006-07 | നം.എൽ.എഫ്.കെ.പി8-602/10/31.3.12/5.7.12 | 18 |
| 2008-09 | നം.എൽ.എഫ്.കെ.പി3-866/11/17.9.12/5.1.13 | 17 |
| 2009-10 | നം.എൽ.എഫ്.കെ.പി3-710/2013/12.6.13 | 12 |
| 2007-08 | നം.എൽ.എഫ്.കെ.പി8-603/10/14.6.12/16.6.12 | 16 |
| 2010-11&2011-12 | നം.എൽ.എഫ്.കെ.പി3-221/13/13.9.13/4.11.13 | 25 |
| 2012-13 | നം.കെ.എസ്.എ-കെ.ടി.എം.പി3-259/14/22.3.16 | 13 |
| 2013-14 | നം.കെ.എസ്.എ-കെ.ടി.എം.പി3-599/15/2.2.16 | 5 |
| 2014-15 | നം.കെ.എസ്.എ-കെ.ടി.എം.പി3.858/2016/29.6.16 | |
| 2015-16 | കെ.എസ്.എ.കെ.ടി.എം പി3/1956/16/9.1.17 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

# **അനുബന്ധം-1**

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെഎസ്എ-കെടിഎം.പി-10/819/2017 തീയതി 06.06.2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻസാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാനഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം